(എ) വ്യാവസായികാവശ്യങ്ങൾക്കുവേണ്ടി വനം വച്ചുപിടിപ്പിക്കുന്നതിന് ഗവൺമെൻറും സ്വകാര്യ വ്യക്തികളും കമ്പനികളും സംയുക്തമായി നടപ്പിലാക്കാൻ എന്തെങ്കിലും പദ്ധതികൾ സർക്കാരിൻെറ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി ഏതു രീതിയിലുള്ള സംവിധാനമാണ് ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) ഏതെല്ലാം സ്വകാര്യ വ്യക്തികളും കമ്പനികളുമാണ് ഇതിനായി മുന്നോട്ടു വന്നിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംയുക്താടിസ്ഥാനത്തിൽ ഒരു കമ്പനി ഉണ്ടാക്കണമെന്ന നിർദ്ദേശം സർക്കാരിൻെറ പരിഗണനയിലാണ്.

(ബി) നിർദ്ദേശം പ്രാഥമിക ഘട്ടത്തിലാകയാൽ ഘടനയെ സംബന്ധിച്ച് വ്യക്തമായ തീരുമാനമായിട്ടില്ല. കൂട്ടുടമസ്ഥതയിലുള്ള ഒരു പബ്ലിക് ലിമിറ്റഡ് കമ്പനി രൂപീകരിക്കാനാണ് നിലവിലുള്ള നിർദ്ദേശം.

(സി) മാവൂർ ഗ്വാളിയോർ റയോൺസ് ചില നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്.

ഫോറസ്റ്റ് ട്രൈബ്യൂണലിലെ കേസുകൾ

296. [371] ശ്രീ. കെ. കൃഷ്ണൻകുട്ടി :
,, സിറിയക് ജോൺ :
,, പി. വിജയദാസ് :
,, എൻ. ഷൺമുഖദാസ് :
,, എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം വനംവകുപ്പുമായി ബന്ധപ്പെട്ട എത്ര കേസുകൾ ഫോറസ്റ്റ് ട്രൈബ്യൂണലിൻെറ പരിഗണനയ്ക്കു വന്നു ;

(ബി) അതിൽ എത്ര കേസുകളിൽ തീരുമാനമെടുത്തു ;

(സി) തീരുമാനമെടുത്തതിൽ ഗവൺമെൻറിനെതിരായി വന്ന കേസുകൾ എത്ര : ഏതെല്ലാം ;

(ഡി) ഗവൺമെൻറിനെതിരായി തീരുമാനമെടുത്ത കേസുകളിൻമേൽ ഗവൺമെൻറ് കൈക്കൊണ്ട നടപടികളെന്തെല്ലാം ?

ഉത്തരം

(എ) കിട്ടിയ വിവരങ്ങൾ അനുസരിച്ച് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പുമായി ബന്ധപ്പെട്ട് 415 ഒ. എ. കേസുകൾ ഫോറസ്റ്റ് ട്രൈബ്യൂണലുകളിൽ പരിഗണനയ്ക്കു വന്നു.

(ബി) അതിൽ 211 കേസുകളിൽ തീരുമാനമെടുത്തു.

(സി) പാലക്കാട് സ്പെഷ്യൽ ഡിവിഷനിൽ 8 കേസുകളും കോഴിക്കോട് സ്പെഷ്യൽ ഡിവിഷനിൽ ഒരു കേസും ഗവൺമെൻറിനെതിരായി വന്നു. അവ ഏതെല്ലാം എന്നതിനെപ്പറ്റി വിവരം ശേഖരിച്ചുവരുന്നു.

(ഡി) പാലക്കാട് സ്പെഷ്യൽ ഡിവിഷനിൽ സർക്കാരിനെതിരായി വിധി വന്ന 8 കേസുകളിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കോഴിക്കോട് സ്പെഷ്യൽ ഡിവിഷനിൽ ഗവൺമെൻറിനെതിരായി വന്ന 1 കേസിൽ എം. എഫ്. എ. ഫയൽ ചെയ്തിട്ടുണ്ട്. ഇതിൻെറ തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly